## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2251** **11/03/2020-ൽ മറുപടിക്ക്**

## പുരവഞ്ചികൾക്ക് ലൈസൻസ്

| | ചോദ്യം<br>ശ്രീ.പി.സി.ജോർജ്ജ് | | മറുപടി<br>രാമചന്ദ്രൻ കടന്നപ്പള്ളി<br>(തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പുരവഞ്ചികൾക്ക് ലൈസൻസ് അനുവദിക്കുന്നതിന്റെ നടപടിക്രമം വെളിപ്പെടുത്തുമോ; | (എ) | പുരവഞ്ചികൾ ഉൾപ്പെടെയുള്ള വെസലുകൾ കെ.ഐ.വി നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ :<br>1. പുതിയ ബോട്ടുകൾ നിർമ്മിക്കുമ്പോൾ അംഗീകൃത കൺസൾട്ടന്റ്സ് തയ്യാറാക്കി നൽകിയ ഡ്രോയിങ്ങ് അപ് ലോഡ് ചെയ്ത് ഫോറം 1 -ൽ ഓൺലൈനിൽ അപേക്ഷ സമർപ്പിക്കണം. ഡ്രോയിങ്ങിന്റെ ഹാർഡ് കോപ്പി, ഫോറം 1 –ന്റെ നിശ്ചിതഫീസ് സഹിതം ബന്ധപ്പെട്ട പോർട്ട് ഓഫ് രജിസ്ട്രിയിൽ സമർപ്പിക്കണം.<br>2. ചീഫ് സർവ്വേയർ ഡ്രോയിങ്ങ് പരിശോധിച്ച ശേഷം അംഗീകരിക്കാവുന്നതാണെങ്കിൽ കെഐവി അംഗീകാരമുള്ള യാർഡിൽ ബോട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള അനുമതി നൽകും.<br>3. ബോട്ടിന്റെ നിർമ്മാണം തുടങ്ങിയ ശേഷം ചീഫ് സർവ്വേയർ ബോട്ടിന്റെ ഹൾ സർവ്വേ നടത്തും. ഹൾ ലോഞ്ചിങ്ങിനു ശേഷം ഫൈനൽ സർവ്വേയിൽ ജീവനക്കാരുടെ സർട്ടിഫിക്കറ്റുകൾ, ബോട്ടിൽ ആവശ്യമുള്ള ജീവൻ രക്ഷാ ഉപകരണങ്ങൾ, അഗ്നിശമന ഉപകരണങ്ങൾ തുടങ്ങിയവയും, ബോട്ടിന്റെ കണ്ടീഷനും നേരിൽ പരിശോധിച്ച് സർവ്വേയർ സർവ്വേ (ഫിറ്റ്നസ്) സർട്ടിഫിക്കറ്റ് നൽകും. സർവ്വേ സർട്ടിഫിക്കറ്റിന് ഒരു വർഷമാണ് കാലാവധി നിശ്ചയിച്ചിട്ടുള്ളത്. ഈ കാലാവധി അവസാനിക്കുന്നതിനു മുൻപായി വാർഷിക സർവ്വേയ്ക്ക് ബോട്ട് ഹാജരാക്കി സർവ്വേ നടത്തിയിരിക്കണം.<br>4. സർവ്വേ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റും, മലിനീകരണ നിയന്ത്രണ |

| | | | |
|---|---|---|---|
| | | | ബോർഡിന്റെ സർട്ടിഫിക്കറ്റും എടുത്തതിനു ശേഷം ഇവയുടെ പകർപ്പ്, ഡിക്ലറേഷൻ ഓഫ് ഓണർഷിപ്പ്, നിശ്ചിത ഫീസ് എന്നിവ സഹിതം ഫോറം 12-ൽ രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കണം. അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ച് രജിസ്റ്ററിങ്ങ് അതോറിറ്റി ബോട്ടിന് അഞ്ച് വർഷത്തേക്ക് രജിസ്ട്രേഷൻ നൽകും. കാലാവധി അവസാനിക്കുന്നതിനു മുൻപായി രജിസ്ട്രേഷൻ പുതുക്കേണ്ടതുണ്ട്.<br>5. നിലവിൽ രജിസ്ട്രേഷനുള്ള ബോട്ടുകൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും സർവ്വേ സർട്ടിഫിക്കറ്റും ഉപയോഗിച്ച് ഇൻഷുറൻസ് സർട്ടിഫിക്കറ്റും, മലിനീകരണ നിയന്ത്രണബോർഡിന്റെ സർട്ടിഫിക്കറ്റും പുതുക്കി എല്ലാ വർഷവും വാർഷിക സർവ്വേയ്ക്ക് അപേക്ഷിക്കേണ്ടതാണ്.<br>6. എല്ലാ വെസലുകളും മൂന്നു വർഷത്തിലൊരിക്കൽ ഡ്രൈഡോക്ക് സർവ്വേ നടത്തിയിരിക്കേണ്ടതാണ്.<br>7. പുരവഞ്ചികൾ സർവ്വീസ് നടത്തുന്നതിന് സർവ്വേ സർട്ടിഫിക്കറ്റ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇൻഷുറൻസ് സർട്ടിഫിക്കറ്റ്, മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് സാധുതയുണ്ടായിരിക്കണം. |
| (ബി) | പുരവഞ്ചികൾക്ക് ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്ത് പുരവഞ്ചികളുടെ ലൈസൻസ് നൽകുന്നത് രജിസ്റ്ററിംഗ് അതോറിറ്റിയാണ്. പ്രസ്തുത അതോറിറ്റിയുടെ കീഴിൽ ആറ് പോർട്ട് ഓഫ് രജിസ്ട്രികളിലായി ആകെ 415 അപേക്ഷകൾ പുതിയതായി രജിസ്ട്രേഷനു വേണ്ടി പരിഗണനയിലുണ്ട്. |

| പോർട്ട് ഓഫ് രജിസ്ട്രി | അപേക്ഷകളുടെ എണ്ണം |
|---|---|
| വിഴിഞ്ഞം | 1 |
| കൊല്ലം | 15 |
| ആലപ്പുഴ | 393 |
| കൊടുങ്ങല്ലൂർ | 6 |
| ബേപ്പൂർ | 0 |
| അഴിക്കൽ | 0 |
| **ആകെ** | **415** |

| | | | |
|---|---|---|---|
| (സി) | ലൈസൻസോട്ടുകൂടി പ്രവർത്തിക്കുന്ന എത്ര പുരവഞ്ചികൾ സംസ്ഥാനത്തുണ്ട് എന്ന് വിശദമാക്കുമോ; | (സി) | സംസ്ഥാനത്ത് ആറു പോർട്ട് ഓഫ് രജിസ്ട്രികളിലായി ആകെ 847 പുരവഞ്ചികൾക്ക് ലൈസൻസ് / രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. ഇവയിൽ വാർഷിക സർവ്വേ കാലാകാലങ്ങളിൽ നടത്താത്ത ബോട്ടുകളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദുചെയ്യുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോകുന്നതാണ്. |
| (ഡി) | ലൈസൻസ് ഇല്ലാത്തതും കാലഹരണപ്പെട്ടതുമായ പുരവഞ്ചികളെ നിയന്ത്രിക്കുന്നതിനും അപകടങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്; വിശദമാക്കാമോ? | (ഡി) | ലൈസൻസ് ഇല്ലാത്തതും കാലഹരണപ്പെട്ടതുമായ പുരവഞ്ചികളെ നിയന്ത്രിക്കുന്നതിനും അപകടങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനും ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:-<br>1. ജലയാനങ്ങളുടെ സർവ്വീസുമായി ബന്ധപ്പെട്ട് ഒരു എൻഫോഴ്സ്മെന്റ് സംവിധാനം തുറമുഖ വകുപ്പിന് മാത്രമായി നടപ്പാക്കാൻ സാധിക്കാത്തതിനാൽ പോലീസ്, റവന്യൂ, ഉൾനാടൻ ജലഗതാഗതം, പൊല്യൂഷൻ കൺട്രോൾ ബോർഡ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ഇൻസ്പെക്ഷനുകൾ നടത്താൻ മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>2. രജിസ്റ്റർ ചെയ്യാത്ത ഹൗസ് ബോട്ടുകൾ, ശിക്കാരകൾ തുടങ്ങിയവ കണ്ടെത്തി ഉൾനാടൻ ജലഗതാഗത നിയമത്തിന്റെ അടിസ്ഥാനത്തിൽ അർഹമായവയ്ക്ക് രജിസ്ട്രേഷൻ നൽകാനും ബാക്കിയുള്ളവയുടെ വിവരം സർക്കാരിൽ റിപ്പോർട്ട് ചെയ്യാനും മാരിടൈം ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>3. ഉൾനാടൻ ജലഗതാഗത യാനങ്ങളുടെ രജിസ്ട്രേഷനു വേണ്ടിയുള്ള വെബ്സൈറ്റ് ലോഞ്ച് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുക, മത്സ്യബന്ധന വകുപ്പ് നടപ്പാക്കിയതുപോലെ ഹൗസ്ബോട്ടുകളെ കണ്ടെത്തുന്നതിനും നിരീക്ഷിക്കുന്നതിനും ഒരു ഓൺലൈൻ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുക, ഹൗസ്ബോട്ട് ഉടമകൾക്കും തൊഴിലാളികൾക്കും ട്രെയിനിംഗ് നൽകുക, രജിസ്റ്റർ ചെയ്ത ബോട്ടുകളിൽ മാത്രം യാത്ര നടത്തുന്നതിന് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ഒരു മീഡിയ ക്യാമ്പെയിൻ നടത്തുക തുടങ്ങിയ നിർദ്ദേശങ്ങളും മാരിടൈം ബോർഡിന് നൽകിയിട്ടുണ്ട്.<br>4. അനധികൃതമായി സർവ്വീസ് നടത്തുന്ന ബോട്ടുകൾ പിടിച്ചെടുത്ത് സൂക്ഷിക്കുന്നതിന് പര്യാപ്തമായ |

സൗകര്യങ്ങൾ ഇല്ലാത്തതിനാൽ CrPC യിലെ വകുപ്പുകൾ പ്രകാരം ബോട്ടുടമകൾക്കെതിരെ കേസ്സെടുക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ പോലീസ് മേധാവിയുമായി ചർച്ച നടത്താൻ മാരിടൈം ബോർഡിനോട് നിർദ്ദേശം നൽകിയിട്ടുണ്ട്.

5. രജിസ്ട്രേഷൻ നടത്താത്ത 299 വെസലുകൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്.
6. 'KIV Rules Registration System' (KRS) 2020 മാർച്ച് 15 - ഓടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.
7. ജി.പി.എസ് ട്രാക്കിങ്ങ് സംവിധാനത്തോടുകൂടിയ [Houseboat Information Tracking System (HITS)] ഹോളോഗ്രാഫിക് രജിസ്ട്രേഷൻ നമ്പർ പ്ലേറ്റുകൾ ജലയാനങ്ങൾക്ക് നിർമ്മിച്ച് നൽകുന്നതാണ്.
8. അനധികൃതമായി സർവ്വീസ് നടത്തുന്ന ഹൗസ്ബോട്ടുകളെ നിയന്ത്രിക്കുന്നതിന് ഇൻലാന്റ് വെസ്സൽ റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ